**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 793** **17-09-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തെ ഹോർട്ടികൾച്ചർ ഹബ്ബ് ആക്കാൻ സഹകരണ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ കാർഷിക കാലാവസ്ഥയിലെ വൈവിധ്യം കണക്കിലെടുത്ത്, കേരളത്തെ ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബ് ആക്കാൻ എന്തൊക്കെ പദ്ധതികളാണ് സഹകരണ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | കേരളത്തിന്റെ കാർഷിക കാലാവസ്ഥയിലെ വൈവിധ്യം കണക്കിലെടുത്ത് കേരളത്തെ ഉയർന്ന മൂല്യമുള്ള ഹോർട്ടീകൾച്ചർ ഹബ്ബാക്കി മാറ്റുന്നതിന് സഹകരണ മേഖലയിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br><br>കേരളത്തിന്റെ കാർഷിക-കാലാവസ്ഥാ വൈവിധ്യം കണക്കിലെടുത്ത് കേരളത്തെ ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബ് ആക്കാൻ വിഭാവനം ചെയ്യുന്ന പുതിയ പദ്ധതിയാണ് **'ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബായി കേരളം'.** നടീൽ വസ്തുക്കളുടെ വിതരണം, പഴവർഗങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കൽ, മൂല്യവർധിത യൂണിറ്റുകളുടെ രൂപീകരണം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. പ്രവർത്തന ശേഷിയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.<br><br>കേരളത്തിലെ കാർഷിക കാലാവസ്ഥാ വൈവിധ്യം പരിഗണിച്ച് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിലേക്ക് സംഭാവന ചെയ്യുന്നതിലേക്കുമായി സംസ്ഥാനത്ത് ഹോർട്ടികൾച്ചറൽ വികസനം ലക്ഷ്യമിട്ട് കൊണ്ട് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ടി പദ്ധതി പ്രധാനമായും നടത്തുന്നത് Plant Operate & Transfer (POT) മാതൃക സൃഷ്ടിച്ചുകൊണ്ടാണ്. സഹകരണ സംഘങ്ങളും പ്രവാസികളും/ഉടമസ്ഥനും തമ്മിൽ ഉണ്ടാക്കുന്ന ധാരണ പ്രകാരം, പ്രവാസിയുടെ/ഉടമസ്ഥന്റെ ഭൂമി അദ്ദേഹത്തിന്റെ സമ്മതത്തോടെ ഏറ്റെടുക്കുന്നു. അവിടെ ഏറ്റവും അനുയോജ്യമായ ഒരു പഴവർഗ്ഗ തോട്ടം ഉഭയസമ്മത പ്രകാരം നിശ്ചിത കാലയളവിലേക്ക് നിർമ്മിക്കുന്നു. തിരിച്ചു നൽകുന്നത് വരെ അതിനെ പരിപാലിക്കുന്നു. നിശ്ചിത കാലയളവ് |

| | | | |
|---|---|---|---|
| | | | കഴിഞ്ഞു ഭൂമിയോടൊപ്പം ഈ തോട്ടം ഉടമസ്ഥന് തിരികെ നൽകുന്നു.<br><br>സഹകരണ സംഘം സ്വന്തം ഭൂമിയിലോ, ഭൂവുടമകളിൽ നിന്ന് പാട്ടത്തിനെടുത്ത സ്ഥലങ്ങളിലോ ഹോർട്ടികൾച്ചറൽ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ വളർത്തുന്നതിനും, ഈ തോട്ടങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിൽ സംയോജിപ്പിച്ച് തരംതിരിച്ച് പായ്ക്ക് ചെയ്ത് വിപണനം നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സാങ്കേതിക വിദ്യാധിഷ്ഠിതകൃഷിക്കായുള്ള സഹകരണ സംരംഭം (CITA – Co-operative Initiatives in Technology driven Agriculture) പദ്ധതിയിൽ ഉൾപ്പെടുത്തി 3000.00 ലക്ഷം രൂപ ടി പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ